**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **11-02-2025 - ൽ മറുപടിയ്ക്ക്**

**കൂട് മത്സ്യകൃഷി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിവിധ ജലസംഭരണികളിൽ ഏത് പദ്ധതി പ്രകാരമാണ് കൂട് മത്സ്യകൃഷി നടപ്പാക്കിവരുന്നത് എന്ന് അറിയിക്കാമോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതി പ്രകാരം വകുപ്പിന്റെ ഏജൻസിയായ ADAK മുഖേന 2020-21വർഷം പത്തനംതിട്ട ജില്ലയിലെ കക്കി, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ 4 ജലസംഭരണികളിലായി 400 കൂടുകളിലെ മത്സ്യകൃഷിയ്ക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala Phase I' എന്ന പദ്ധതിയ്ക്ക് 16 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതി നടപ്പിലാക്കുകയും 78.83 ടൺ മത്സ്യം ഉല്പ്പാദിപ്പിക്കുകയും ചെയ്തു.<br><br>ഇതിന് പുറമേ 2021-22 വർഷം അഡാക് മുഖേന തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, ഇടുക്കി ജില്ലയിലെ ഇടുക്കി ജലസംഭരണി, തൃശ്ശൂർ ജില്ലയിലെ പീച്ചി എന്നീ ജലസംഭരണികളിലായി 300 കൂടുകളിലെ മത്സ്യകൃഷിയ്ക്കായി 'Participatory Integrated Fisheries Development of selected Reservoirs in Kerala Phase II' എന്ന പദ്ധതിയ്ക്ക് 10.8180 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേജുകൾ സ്ഥാപിക്കുകയും ആയതിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പീച്ചി, ഇടുക്കി, നെയ്യാർ എന്നീ റിസർവോയറുകളുടെ സമീപവാസികളായ ആദിവാസി സമൂഹത്തിൽപ്പെട്ടവരും ഇ.ഡി.സി അംഗങ്ങളുമായവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.<br><br>ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശീയ പട്ടികവർഗ്ഗ അംഗങ്ങളെ സംഘടിപ്പിച്ച് നടപ്പിലാക്കുന്ന "Fish Production in cages through participatory approach with beneficiaries of Scheduled Tribe in Banasurasagar Reservoir, Wayanad District" എന്ന പദ്ധതിയ്ക്ക് 3.2 കോടി രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകുകയും അഡാക് മുഖേന 90 കേജുകൾ സ്ഥാപിച്ച് പദ്ധതി നടപ്പിലാക്കുകയും ചെയ്തു. |
| (ബി) | കൂട് മത്സ്യകൃഷി നടപ്പിലാക്കുന്നതിന് പുതിയ പദ്ധതികൾ നിലവിലുണ്ടോ; ആയത് ഏതെല്ലാം എന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 370 യൂണിറ്റ് തിലാപ്പിയ, 650 യൂണിറ്റ് കരിമീൻ കൂട്കൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 4.90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ